# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 31      29/10/2019-ൽ മറുപടിക്ക്

## ട്രാൻസ് ഗ്രിഡ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ**<br>**,,തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, വി.പി.സജീന്ദ്രൻ**<br>**,,എൽദോസ് പി. കുന്നപ്പിള്ളിൽ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ് ഗ്രിഡ് പദ്ധതിയിലെ കോലത്തുനാട് ലൈൻസ് പാക്കേജിൽ എസ്റ്റിമേറ്റ് തുകയുടെ അമ്പത്തിനാല് ശതമാനം അധിക തുകയ്ക്ക് ഒരു സ്വകാര്യ കമ്പനിക്ക് കരാർ നൽകിയതിന്റെ കാരണം വിശദമാക്കാമോ; | (എ) | കോലത്തുനാട് ലൈൻ പാക്കേജിന്റെ ദർഘാസ് നടപടികൾ കേന്ദ്ര സർക്കാർ നവരത്ന പൊതുമേഖല കമ്പനിയായ ആർ.ഇ.സി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡിനെ ബിഡ് പ്രോസസ്സ് കോർഡിനേറ്റർ എന്ന നിലയിൽ ചുമതലപ്പെടുത്താൻ വൈദ്യുതി ബോർഡ് തീരുമാനിക്കുകയുണ്ടായി. e-ഓപ്പൺ ടെണ്ടർ രീതിയിൽ ഐറ്റം റേറ്റുകൾ വെളിപ്പെടുത്താതെ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതിനുശേഷം e-റിവേഴ്സ് auction നും നടത്തി ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്യുന്ന കമ്പനിക്ക് പ്രവൃത്തിയുടെ കരാർ നൽകുന്ന രീതിയിലാണ് ദർഘാസ് നടപടികൾ ക്രമീകരിച്ചിരിക്കുന്നത്.<br>ഇപ്രകാരം കോലത്തുനാട് ലൈൻ പാക്കേജിന്റെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പനിക്ക് കരാർ നൽകുന്നതിനുള്ള ശുപാർശ ദർഘാസിന് ചുമതലപ്പെടുത്തിയിരുന്ന ആർ.ഇ.സി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് വൈദ്യുതി ബോർഡിന് നൽകിയിരുന്നു. ശുപാർശ ചെയ്ത തുകയിന്മേൽ വൈദ്യുതി ബോർഡ് വീണ്ടും നെഗോഷ്യേഷൻ നടത്തിയതനുസരിച്ച് കമ്പനി തുക വീണ്ടും കുറയ്ക്കാൻ തയ്യാറായി. ഇപ്രകാരം കുറച്ച് നൽകിയ തുകയ്ക്കാണ് വൈദ്യുതി ബോർഡ് കമ്പോള നിരക്കുകളുമായുള്ള താരതമ്യങ്ങൾക്കു ശേഷം കരാർ നൽകിയിട്ടുള്ളത്.<br>സമീപകാലത്തെ പ്രസരണ കരാറുകളിൽ ശരാശരി 40-50% വർദ്ധന മാർക്കറ്റ് സാഹചര്യങ്ങൾ ഉണ്ടായിട്ടുള്ളതും വർദ്ധിപ്പിച്ച 7 വർഷത്തെ വാറന്റി ട്രാൻസ്ഗ്രിഡിൽ ആവശ്യപ്പെട്ടതുകൊണ്ടും ലഭിച്ച കുറഞ്ഞ മത്സര നിരക്ക് കൂടുതലായി കാണുന്നില്ല. |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട ഓപ്പൺ e-reverse ബിഡ്ഡിംഗ് രീതിയിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് ആവശ്യപ്പെട്ട നില വാരവും ദീർഘിപ്പിച്ച പെർഫോർമൻസ് വാറണ്ടിയും നൽകി ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്. |
| (ബി) | മത്സരാധിഷ്ഠിത ടെൻഡറുകളിൽ സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണോ കോലത്തുനാട് ലൈൻസ് പാക്കേജിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി.ലിമിറ്റഡിന് വൈദ്യുതി നിയമ പ്രകാരവും മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ചും ബാധകമായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചിട്ടാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | കോലത്തുനാട് ലൈൻസ് പാക്കേജിന്റെ നടത്തിപ്പിനായുള്ള ടെൻഡറിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തിരുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | കോലത്തുനാട് ലൈൻ പാക്കേജിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കമ്പനികൾ താഴെ പറയുന്നവയാണ്.<br>1. എൽ & റ്റി ഇൻഡ്യ ലിമിറ്റഡ്<br>2. സ്റ്റെർലൈറ്റ് പവ്വർ ട്രാൻസ്മിഷൻ ലിമിറ്റഡ്<br>3. ട്രാൻസ് റെയിൽ ലൈറ്റിംഗ് ലിമിറ്റഡ്. |
| (ഡി) | പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത ഏതു കമ്പനിക്കാണ് കരാർ നൽകിയത് എന്ന് വിശദമാക്കാമോ; പ്രസ്തുത കമ്പനിക്ക് കരാർ നൽകാനുള്ള കാരണങ്ങൾ വിശദമാക്കാമോ? | (ഡി) | ഏറ്റവും കുറഞ്ഞ നിരക്ക് നൽകിയ സ്റ്റെർലൈറ്റ് പവ്വർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിക്കാണ് കോലത്തുനാട് ലൈൻ പാക്കേജിന്റെ കരാർ നൽകിയിട്ടുള്ളത്. മത്സരാധിഷ്ഠിത ടെണ്ടറിന്റെ നിർദ്ദിഷ്ട നിയമക്രമമനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ